

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-
കെ.എസ്.ഡി-8/678/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 16/10/2023
ഇ-മെയിൽ:
doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ- തീയ്യതി: 16/10/2023
കെ.എസ്.ഡി-8/678/2023

കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ്

ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രേഖ.ആർ	ഡെപ്യൂട്ടി ഡയറക്ടർ	04-08-2023	14-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-08-2023	14-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക്, ഓഡിറ്റ് ഓഫീസർ
ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ
രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

അരവിന്ദാക്ഷൻ.സി.കെ	പ്രസിഡന്റ്	01-04-2022	31-03-2023
ദേവദാസ്.പി	സെക്രട്ടറി	01-04-2022	07-11-2022
ജയൻ.പി	സെക്രട്ടറി	07-11-2022	12-01-2023
ഗിരീഷ്.എസ്.എൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	12-01-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഗിരീഷ്.എസ്.എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ഷാനജ്.പി.വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
പ്രമോദ്കുമാർ.സി	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ.വിക്രംകൃഷ്ണ	വെറ്റിനറി സർജൻ	01-04-2022	31-03-2023
ഡോ.ഭാഗ്യശ്രീ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ഡോ.ധനേഷ്.കെ.സി	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2022	31-03-2023
ജിജീഷ്.വി.ശശീന്ദ്രൻ	വി.ഇ.ഒ - പുല്ലൂർ	01-04-2022	31-03-2023
ഉഷ.പി	വി.ഇ.ഒ - പെരിയ	01-04-2022	31-03-2023
അസ്റ നസ്റിൻ.വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-03-2023
പ്രഭാകരൻ.വി.വി	ഹെഡ്മാസ്റ്റർ	01-04-2022	31-03-2023
രജിമ.പി.വി	ക്ഷീരവികസന ഓഫീസർ	01-04-2022	31-03-2023

ഡോ.അമ്പിളി ബി	മെഡിക്കൽ ഓഫീസർ - ഹോമിയോപ്പതിNHM	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ബാങ്ക് ബുക്ക് - ധനകാര്യപത്രിക എന്നിവയിലെ നീക്കിയിരിപ്പിൽ വ്യത്യാസം	1-1-2
4	ലൈബ്രറി സെസ്സ് മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല	1-1-3
5	കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവും ധനകാര്യപത്രികയിലെ ചെലവും പൊരുത്തപ്പെടുന്നില്ല.	1-1-4
6	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല	1-1-5
7	മെയിന്റനൻസ് ഫണ്ട് റോഡ് - എ.സി.ആറിൽ വരവു തുക പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.	1-1-6
8	പുതിയ അക്കൗണ്ടുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-7
9	ഡെപ്പോസിറ്റ് ഇനങ്ങളിൽ വർഷങ്ങളായി നിലനിൽക്കുന്ന തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമല്ല	1-1-8
10	പലിശ ഇനത്തിലെ വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടില്ല	1-1-9
11	ഇ-പേമെന്റ് മുഖേന അക്കൗണ്ടിലേക്ക് ലഭിക്കേണ്ട തുക ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ച തുകയായി റീക്കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.	1-1-10
12	ലൈഫ് ഭവന പദ്ധതി തിരിച്ചടവ് തുക -ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.	1-1-11
13	ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.	1-1-12
14	ചെലവു തുക ധനകാര്യ പത്രികയിൽ വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.	1-1-13

15	നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് സംബന്ധിച്ച രേഖകൾ/ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-14
16	ബഡ്സ് സ്കൂളിനു നൽകിയ അഡ്വാൻസ് തുക വിവിധ ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-15
17	ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യത തുകകൾ - വിശദാംശം ലഭ്യമല്ല	1-1-16
18	വസ്തു നികുതി ഇനത്തിലെ വരവ് മറ്റ് ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.	1-1-17
19	പലിശ ഇനത്തിൽ ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിലെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-18
20	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-19
21	സെകുരിറ്റി ലോൺ - നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.	1-1-20
22	ബജറ്റ്	1-2
23	സാമ്പത്തിക വിശകലനം	1-3
24	ഗ്രാന്റു വിനിയോഗം	1-4
25	പദ്ധതി അവലോകനം	1-5
26	തൊഴിലുറപ്പ് പദ്ധതി	1-6
27	ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം	1-7
28	ക്യാഷ് ബാലൻസ്	1-8
29	ആഭ്യന്തര നിയന്ത്രണം	1-9
30	റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല	1-10
31	ഇ-പേമെന്റ് തുക നാളിതുവരേയും ബാങ്കിൽ വരവു വന്നിട്ടില്ല	1-11
32	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	1-12
33	ടെണ്ടർ ഫീസ് ഒടുക്കുവരുത്തിയിട്ടില്ല	1-13

34	ജി.എസ്.ടി. കോമ്പൻസേഷൻ - അധികം നൽകിയ തുക ക്രമീകരിച്ചു	1-14
35	വയോധികർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി(പട്ടികവർഗ്ഗം)-അപാകത	1-15
36	രോഗനിർണ്ണയത്തിന് ലാബ്-റീ-ഏജന്റ്സ് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി-അപാകത	1-16
37	ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസിന് ഹൈഡ്രോളിക് സ്ട്രക്ചർ ഘടിപ്പിക്കൽ പദ്ധതി	1-17
38	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭിച്ചിട്ടല്ല.	1-18
39	ഫർണിച്ചർ /ലാപ്പ് ടോപ്പ് വിതരണത്തിലെ അപാകതകൾ -നിർവ്വഹണം-ഹെഡ്ഡ് മാസ്റ്റർ	1-19
40	തുടർ സാക്ഷരത പദ്ധതി- പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകൽ -അപാകതകൾ.	1-20
41	ഗാർഹിക റിംഗ് കമ്പോസ്റ്റ് വാങ്ങി നൽകൽ പദ്ധതി.	1-21
42	ശുചിത്വരമ ബയോബിൻ കംമ്പോസ്റ്റ് വാങ്ങി നൽകൽ പദ്ധതി.	1-22
43	ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല	1-23
44	ഭവന പുനരുദ്ധാരണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.	1-24
45	വ്യക്തിഗത കക്കൂസ് പദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-25
46	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.	1-26
47	ടേക്ക് എ ബ്രേക്ക് പദ്ധതി	1-27
48	തനത് വരുമാനം -അവലോകനം	1-28
ഭാഗം 2		
1	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - 3810/- രൂപയുടെ നഷ്ടം	2-1
ഭാഗം 3		
--- No Records Found ---		

ഭാഗം 4

1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്
4	റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മന്റ്
5	ബാലൻസ് ഷീറ്റ്

ഭാഗം -1
പൊതു അവലോകനം

1-1-1 മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക ആർ.പി 40(B) & ബി- 17 പ്രകാരം 58449872/- രൂപയാണ് എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ആർ.പി 40(A) പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 58453616/- രൂപയാണ്. ഇത്തരത്തിൽ 3744/- രൂപയുടെ വ്യത്യാസമുണ്ട്.

ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പിലാണ് മേൽ വ്യത്യാസം വന്നിട്ടുള്ളത്.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട്	ആർ.പി 40(B) & ബി- 17 പ്രകാരം 2021-22 ലെ നീക്കിയിരിപ്പ്	ആർ.പി 40(A) പ്രകാരം 2022-23 ലെ മുന്നിരിപ്പ്	വ്യത്യാസം
1	എസ്.ബി.ഐ (37289725162)	2425832	2430026	- 4194
2	പെരിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (201050002541)	23647807	23647357	450
ആകെ വ്യത്യാസം				- 3744

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 7/07/2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 7/07/2023തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക്

ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

16/10/2023

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം , കാസറഗോഡ്

1-1-2 ബാങ്ക് ബുക്ക് - ധനകാര്യപത്രിക എന്നിവയിലെ നീക്കിയിരിപ്പിൽ വ്യത്യാസം

പെരിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ 0201050002541) ബാങ്ക് ബുക്ക് പ്രകാരമുള്ള 31/03/2023 ലെ നീക്കിയിരിപ്പ് 20647528/-രൂപയാണ് എന്നാൽ ധനകാര്യപത്രികയിലെ ആർ.പി 40(B) പ്രകാരം ഈ ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 20647078/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 20647528/- രൂപ നീക്കിയിരിപ്പ് കണക്കാക്കിയാണ് റീക്കൺസിലിയേഷൻ പത്രികയും തയ്യാറാക്കിയിട്ടുള്ളത്.

1-1-3 ലൈബ്രറി സെസ്സ് മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

2021-22 B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് നീക്കിയിരിപ്പ് 308538/- രൂപയാണ് എന്നാൽ 2022-23 ട്രയൽ ബാലൻസിൽ മുന്നിരിപ്പായി 308520/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-4 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവും ധനകാര്യപത്രികയിലെ ചെലവും പൊരുത്തപ്പെടുന്നില്ല.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവും ധനകാര്യപത്രികയിലെ ചെലവും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

ധനകാര്യ പത്രിക I-14 ഷെഡ്യൂൾ പ്രകാരം ചെലവ് തുക			ചെലവു പത്രിക പ്രകാരം തുക	
കോഡ്	ഇനം	തുക	പദ്ധതി നമ്പർ , പേര്	തുക
250100001	Paddy- Seed Distribution	320000	196, അങ്കണവാടി പോഷകത്തോട്ടം	100000
250100007	Paddy- Subsidy For Paddy Crop Expenditure	1337854	191, നെൽവിത്ത് വിതരണം	320000
250100102	Coconut – Biofertiliser Distribution	2123028	199, ഞങ്ങളും കൃഷിയിലേക്ക്	470000
250100103	Coconut – Fertiliser Distribution	1714927	193, ഹരിതമിത്ര – പച്ചക്കറികൃഷി പദ്ധതി (വനിതാ)	528000
250100104	Coconut – Lime Distribution	207633	190, കതിർ - നെൽകൃഷി കൂലി ചെലവ്	1337854
250100302	Vegetables – Tender Plants Distribution	132000	189, കേരമിത്ര – തെങ്ങ് കൃഷി വികസന പദ്ധതി	2702329

250100303	Vegetables – Biofertiliser Distribution	39600	-	-
250100309	Vegetables – Pots For Vegetable Cultivation/Growbag	558400	-	-
250104701	Food Crops – Seed Distribution	368000	-	-
ആകെ തുക		6801442	ആകെ തുക	5458183

മേൽ പ്രകാരം വ്യത്യാസമുള്ള 1343259/- രൂപ (6801442 – 5458183) ഗുണഭോക്തൃ വിഹിതമിനത്തിൽ നേരിട്ട് ചെലവഴിച്ച തുക രണ്ട് പ്രാവശ്യം ജേണൽ എൻട്രി ചെയ്തത് മുഖേന വന്നിട്ടുള്ളതാണ്.

1-1-5 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (3294275/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (8583696/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-6 മെയിന്റനൻസ് ഫണ്ട് റോഡ് - എ.സി.ആറിൽ വരവു തുക പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.

GO(Rt) No 8253/2022/Fin, 5.12.2022 ഉത്തരവ് പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ 1786150/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ എ.സി.ആറിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

ചുവടെ പറയും പ്രകാരം രണ്ട് ഉത്തരവുകൾ പ്രകാരമുള്ള തുകകൾ മാത്രമാണ് എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ക്രമ നമ്പർ	ഉത്തരവ് നമ്പർ	തുക
1	GO(Rt)No2862/2022/Fin, 08/04/2022	10697700
2	GO(Rt)No6267/2022/Fin, 05/09/2022	1786150

1-1-7 പുതിയ അക്കൗണ്ടുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ആരംഭിച്ച ചുവടെ പറയുന്ന അക്കൗണ്ടുകളുടെ വിശദാംശം തൻ വർഷത്തെ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	ബാങ്ക്	അക്കൗണ്ട് നമ്പർ	ഇനം	അക്കൗണ്ട് തുടങ്ങിയ തീയതി
1	കാനറ ബാങ്ക്	110080621410	ലിറ്ററസി പ്രോഗ്രാം	5/11/2022
2	കാനറ ബാങ്ക്	110044321576	ഹെൽത്ത് ഗ്രാന്റ്	4/04/2022

ഇടപാടുകൾ നടക്കുന്നില്ലെങ്കിലും സ്ഥാപനത്തിനു കീഴിൽ വരുന്ന എല്ലാ അക്കൗണ്ടുകളും ധനകാര്യപത്രികയിൽ പ്രതിഫലിക്കേണ്ടതാണ്.

1-1-8 ഡെപ്പോസിറ്റ് ഇനങ്ങളിൽ വർഷങ്ങളായി നിലനിൽക്കുന്ന തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമല്ല

ചുവടെ പറയുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ തുകകൾ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ വർഷങ്ങളായി നിലനിൽക്കുന്നു.

ഡെപ്പോസിറ്റ്- കെ.എസ്.ഇ.ബി (460500202) -3697819
ഡെപ്പോസിറ്റ്- കേരള വാട്ടർ അതോറിറ്റി (460500201) -121150

മേൽ പ്രകാരം വർഷങ്ങളായി തുക ക്രമീകരിക്കാതെ നിലനിൽക്കുന്നതിനുള്ള കാരണം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-9 പലിശ ഇനത്തിലെ വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടില്ല

പ്രത്യേക ഉദ്ദേശ്യത്തിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് വന്നിട്ടുള്ള പലിശവരവ് അതാത് ഹെഡ്ഡുകളിലേക്ക് വരവായി രേഖപ്പെടുത്താത്തതിനാൽ ചുവടെ പറയും പ്രകാരം ബാങ്ക് ബുക്ക്, ബാലൻസ് ഷീറ്റ് ബി- 4/ബി-2 ഷെഡ്യൂൾ എന്നിവയിലെ നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്.

ക്രമ നമ്പർ	ഇനം	ബി-4/ബി-2 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്	ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	വ്യത്യാസം
1	320100128 – National Afforestation Programme	504063	518583 (KGB - 40442101045037)	14520
2	320100145 – National Programme For Persons With Disabilities	695349	705375 (KGB - 40442101009150)	10026
3	311100101 - ഡിസ്ട്രസ് റിലീഫ് ഫണ്ട്	16316	16750 കേരള ഗ്രാമീൺ ബാങ്ക് - 40442101036923	434

മേൽ പ്രകാരം വ്യത്യാസമുള്ള തുക പലിശ ഇനത്തിലെ വരവാണ്. ഇത് ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ഇ-പേമെന്റ് മുഖേന അക്കൗണ്ടിലേക്ക് ലഭിക്കേണ്ട തുക ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ച തുകയായി റീക്കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ – ഇ- പേമെന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ 37289725162) റീക്കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ ചുവടെ പറയുന്ന തുകകൾ ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	തീയതി	തുക
1	31-03-2023	10,738
2	31-03-2023	96,993

മേൽ തുകകൾ എസ്.ബി.ഐ – ഇ പേമെന്റ് അക്കൗണ്ടിലേക്ക് ഐ.കെ.എം അക്കൗണ്ടിൽ നിന്നും ലഭിക്കുവാൻ ബാക്കിയുള്ള തുകകളാണ്. ഇവ ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചിട്ടുള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-11 ലൈഫ് ഭവന പദ്ധതി തിരിച്ചടവ് തുക -ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ലൈഫ് പദ്ധതി ഇനത്തിൽ അധികം നൽകിയതിൽ തിരിച്ചടച്ച തുക ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ചുവടെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നമ്പർ	തീയതി	ഇനം	തുക

1	1220905203	24-02-2023	അധികം നൽകിയ തുക തിരിച്ചടവ് - നാരായണൻ.കെ	20000
2	1220905914	14-03-2023	അധികം നൽകിയ തുക തിരിച്ചടവ് - സെറീന	29000
3	1220906950	29-03-2023	അധികം നൽകിയ തുക തിരിച്ചടവ് - സെറീന	11000
ആകെ തുക				60000/-

ഈ ഇനത്തിൽ തൻ വർഷം 130000/- രൂപ തിരിച്ചടവായി വന്നിട്ടുണ്ട്. ഇതിൽ 70000/-രൂപ മാത്രമാണ് മറ്റ് ബാധ്യതകൾ (320100999) എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 60000/- രൂപ ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1-1-12 ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

ഗുണഭോക്തൃ വിഹിതമിനത്തിൽ മുന്നിരിപ്പ്, തൻവർഷ വരവ്, പദ്ധതി പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് ചുവടെ പറയും പ്രകാരമാണ്.

2022-23 മുന്നിരിപ്പ്	2298408
2022-23 വരവ് (വി.ഇ.ഒ – 296888/- വെറ്ററിനറി സർജൻ - 1395000/- അസിസ്റ്റന്റ് സെക്രട്ടറി - 2400/-)	1694288/-
2022-23 ചെലവ്	1516910/-

(169-കറവ പശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം - 1395000/- 46 – ലൈഫ് വീടുകൾക്ക് ബയോബിൻ കമ്പോസ്റ്റ് - 11160/- 45 – ഗാർഹിക റിംഗ് കമ്പോസ്റ്റ് - 110750/-)	
2022-23 നീക്കിയിരിപ്പ്	2475786/-

മേൽ പ്രകാരം 2022-23 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ 2475786/- രൂപയാണ് നീക്കിയിരിപ്പായി വരേണ്ടിയിരുന്നത്. എന്നാൽ ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം 2607054/- രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-13 ചെലവു തുക ധനകാര്യ പത്രികയിൽ വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചുവടെ പറയും പ്രകാരം ഒരു പദ്ധതി പ്രകാരമുള്ള ചെലവ് വിവിധ ഹെഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	പദ്ധതി നമ്പർ, പേര്	ചെലവ് തുക	ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് തുക		
			കോഡ്	ഇനം	തുക
1	209, വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (പട്ടികവർഗ്ഗം)	456192	251100601	Education Related Activities – Development Of Educational Quality	450000
			251100608	Education Related Activities –	6192

				Educational Funding For Sc, St Students	
2	276, ഗോത്രകലാമേള	45000	251101303	Promotion Of Arts – Culture – Sports – Cultural Activities	29000
			251101404	Arts – Culture – Sports And Youth Welfare – Support To Talented Sc/St People	16000
3	167, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - വിജിഎഫ് ഉൾപ്പെടെ	964110	251130404	Waste Management – Collection And Sorting Of Plastic Waste	164110
			251130803	Solid Waste Management – Collection And Transportation	800000

1-1-14 നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് സംബന്ധിച്ച രേഖകൾ/ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യാഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുകയിൽ ചുവടെ പറയും പ്രകാരം 568687/- രൂപ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്.

മുന്നിരിപ്പ്	തൻ വർഷം നൽകിയ തുക	ആകെ	ചെലവഴിച്ച തുക	ബാക്കി തുക
568687	548524	1117211	405763	711448

568687/- രൂപയുടെ വിശദാംശം നാളിതുവരെ ക്രമീകരിക്കാത്തതിനുള്ള കാരണം, അഡ്വാൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

1-1-15 ബഡ്സ് സ്കൂളിനു നൽകിയ അഡ്വാൻസ് തുക വിവിധ ഹെഡ്സുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

ബഡ്സ് സ്കൂളിനു നൽകിയ അഡ്വാൻസ് തുക വിവിധ ഹെഡ്സുകളിലായി ചുവടെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

കോഡ്	ഹെഡ്സ്	ഇനം	വൗച്ചർ നമ്പർ	തുക
460100199	Other Advances	Being The Salary On Behalf Of Buds School Staff For The Month Of 03/2022	22200032, 21-04-2022	82,735
		Being The Electricity Charges On Behalf Of Buds School	22200048, 27-04-2022	1,956
		For Road Tax For Buds School Vehicle Kl14S 8549	22200739, 16-01-2023	2,270
460509901	Advance To Others	Salaries Of Contract Staff- For Mahatma Buds School For The Month Nov 2022	22200671, 15-12-2022	255,525.00
		For Remitting Thevehicle Tax (Kl14S 8549) - Buds School Vehicle	22200706, 31-12-2022	8,680.00
		Salary Of Buds School Staff For The Month Dec 2022	22200813, 08-02-2023	239,839.00

		Honararium Of Buds Schoolstaff For The Month Jan 2023	22200888, 06-03-2023	233,685.00
		Salary Of BUDSschool Staff For The Month Feb 2023	22200905, 11-03-2023	222,855.00
		For The Maintenance Works Of Buds School Vehicle KL60D 14444	22201026, 31-03-2023	6,625.00

1-1-16 ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യത തുകകൾ - വിശദാംശം ലഭ്യമല്ല

ഡെപ്പോസിറ്റായി ലഭ്യമായ ചുവടെ പറയുന്ന ബാധ്യത തുകകൾ വർഷങ്ങളായ നിലനിൽക്കുന്നു.

1) മറ്റ് ഡെപ്പോസിറ്റ് (340109901) ഇനത്തിൽ 2015-16 മുതൽ 21000/- രൂപ നിലനിൽക്കുന്നു.

2) ലേല ഡെപ്പോസിറ്റ് (340200102) ഇനത്തിൽ 2015-16 മുതൽ 810/- രൂപ നിലനിൽക്കുന്നു.

3) മറ്റ് ഡെപ്പോസിറ്റ് (340200199) ഇനത്തിൽ 2014-15 മുതൽ നാളിതുവരെ 100/- രൂപ നിലനിൽക്കുന്നു.

മേൽ തുകകൾ സംബന്ധിച്ച വിശദാംശം , തുക ക്രമീകരിക്കാത്തതിനുള്ള കാരണം , ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകൾ സംബന്ധിച്ച രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

1-1-17 വസ്തു നികുതി ഇനത്തിലെ വരവ് മറ്റ് ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം ലഭ്യമായ വസ്തു നികുതി തുക മറ്റ് ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

വൗച്ചർ നമ്പർ	തീയതി	തുക	ഇനം
1220001355	31-03-2023	5820	വസ്തു നികുതി അമ്പലത്തറ പോലീസ്സ്റ്റേഷൻ - 2022-23

1-1-18 പലിശ ഇനത്തിൽ ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിലെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

ചുവടെ പറയുന്ന അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിലെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട്	തുക
1	കേരള ഗ്രാമീൺ ബാങ്ക് - ഹഡ്ക്കോ ലോൺ (40442101048894)	3134
2	കേരള ഗ്രാമീൺ ബാങ്ക് - എം.എൻ ലക്ഷം വീട് (40442100009077)	45087

1-1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-20 സെക്വർഡ് ലോൺ - നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

സെക്വർഡ് ലോൺ ഇനത്തിലെ നീക്കിയിരിപ്പ് ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല

ബി- 5 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്	ബി- 16 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്

21831909/-	22031909/-

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
ഭരണ സമിതി തീരുമാനം ,തീയതി	1/1, 30.03.2022	1/1, 24.02.2023
മുന്നിരിപ്പ്	11400934	42619511
വരവ്	302349000	306969864
ആകെ	313749934	349589375
ചെലവ്	311251000	346822591
നീക്കിയിരിപ്പ്	2498934	2766784

1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

മുന്നിരിപ്പ്	58453616
വരവ്	64468530
ആകെ	122922146
ചെലവ്	61174255
നീക്കിയിരിപ്പ്	61747891

വരവിനങ്ങളിലുള്ള നഷ്ടം	3810
ചെലവിനങ്ങളിലുള്ള നഷ്യം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2730778

* 2021-22 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക ആർ.പി 40(B) & ബി- 17 പ്രകാരം 58449872/- രൂപയാണ് എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ആർ.പി 40(A) പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 58453616/- രൂപയാണ്. ഇത്തരത്തിൽ 3744/- രൂപയുടെ വ്യത്യാസം നീക്കിയിപ്പിലുണ്ട്.
*വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 212002527/- രൂപയും ചെലവ് 204284596/- രൂപയുമാണ് .

1-4 ഗ്രാന്റു വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് / ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	22246000	22246000	21286197	959803
വികസനഫണ്ട് എസ്.സി.പി.	0	1196000	1196000	1196000	0
വികസനഫണ്ട് ടി.എസ്.പി.	0	5836000	5836000	5643807	192193

സംരക്ഷണഗ്രാന്റ് റോഡ്	0	12483850	12483850	9086834	3397016
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	7199000	7199000	3362595	3836405
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Bank (പലിശ വരവ്- 104664)	329254	4565306	4894560	2733362	2161198
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)- Bank	3238498	6471000	9709498	2635727	7073771
സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്)	3,30,690	0	3,30,690	330689	1
സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്)	1,52,644	0	1,52,644	0	1,52,644
തൊഴിലുറപ്പ് പദ്ധതി	0	2008023	2008023	2008023	0
ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം	4,32,463	1536876	1969339	1536876	4,32,463
ടോട്ടൽ സാനിറ്റേഷൻ	1,68,011	2947	170958	0	170958
NPRPD	6,85,625	9724	695349	0	695349
വെസ്റ്റേൺ ഘട്ട്	495054	0	495054	0	495054
ശുചിത്വ മിഷൻ	3921753	640000	4561753	300000	4261753

	(3918186 + 3567)				
ജലനിധി	6,92,344	8207	700551	695542	5009
ലിറ്ററസി സ്കീം ഗ്രാന്റ്	1217	0	1217	0	1217
വിമുക്തി	17,606	0	17,606	0	17,606
ബയോഡൈവേഴ്സിറ്റി	504063	0	504063	0	504063
നിർമ്മൽ പുരസ്കാരം	5,00,000	0	5,00,000	0	5,00,000
ഹെൽത്ത് ഗ്രാന്റ് – ഡയഗനോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ	0	660986	660986	271449	389537
ഹെൽത്ത് ഗ്രാന്റ് – ഹെൽത്ത് & വെൽനസ്	0	1780303	1780303	765928	1014375

കുറിപ്പ് :

1)വികസനഫണ്ട്-(ജനറൽ) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 3699059/- രൂപയും ,എസ്.സി.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത 390593/- രൂപയും ടി.എസ്.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത 963249/- രൂപയും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2)GO(Rt) No 8253/2022/Fin, 5.12.2022 ഉത്തരവ് പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ 1786150/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ എ.സി.ആറിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

3) കേരള ഗ്രാമീൺ ബാങ്ക് സി.എഫ്.സി അക്കൗണ്ടിലേക്ക് (40442101031423) 2021-22 വർഷത്തിൽ ജില്ലാ പഞ്ചായത്ത് ഷെയറായി 800000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ബി -4 ഷെഡ്യൂളിൽ ജോയിന്റ് വെഞ്ചർ (ജില്ലാപഞ്ചായത്ത്) തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി-17

പ്രകാരമുള്ള അക്കൗണ്ട് ബാലൻസിൽ (കേരള ഗ്രാമീൺ ബാങ്ക് – പി.എഫ്.എം.എസ്) 800000/- രൂപ ഉൾപ്പെടെയാണ് ബാലൻസ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

അംഗീകാരം ലഭിച്ചത്(എണ്ണം)	അടങ്കൽ	നടപ്പാക്കിയത്	ചെലവ്	ഭാഗീകമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
234	162754979	143	74797337	-	91	61.11

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

ക്രമനം	നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം		2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം		ചെലവ് ശതമാനം.
		എണ്ണം	അടങ്കൽ	എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള തുകയിൽ	ചെലവ് തുക	

				ചുവടെ പറയുന്ന വ്യത്യാസമുണ്ട്. മേൽ പ്രകാരം വ്യത്യാസമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. എണ്ണം		
1	സെക്രട്ടറി	32	16008065	22	6913384	43.19
2	അസിസ്റ്റന്റ് സെക്രട്ടറി	16	7359723	8	3326500	45.20
3	അസിസ്റ്റന്റ് എഞ്ചിനിയർ	114	51830254	49	17804799	34.35
4	കൃഷി ഓഫീസർ	6	5959122	6	5458183	91.59
5	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	24	58872097	23	22250315	37.79
6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	12	6933090	10	5700561	82.22
7	വെറ്റിനറി സർജ്ജൻ	5	4722500	5	4041105	85.57
8	മെഡിക്കൽ ഓഫീസർ - ആയുർവ്വേദം	2	1372000	1	1300000	94.75
9	മെഡിക്കൽ ഓഫീസർ -സി.എച്ച്.സി	7	2794357	5	1976414	70.73

10	മെഡിക്കൽ ഓഫീസർ -ഹോമിയോ	2	700000	2	692773	98.97
10	പ്രധാനാധ്യാപകൻ	12	4052771	11	3771241	93.05
11	ഡയറി ഫാം ഇൻസ്ട്രക്ടർ	1	1700000	1	1562062	91.89
12	ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	451000	0	0	0
	ആകെ	234	162754979	143	74797337	45.96

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവ്	0	2008023	2008023	2008023	0
വേതനം മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	70512713	70512713	70512713	0
ആകെ	0	72520736	72520736	72520736	0

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 5036 പദ്ധതികളുൾപ്പെടുന്ന 1417495000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 401 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 191274 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1333 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	3495200	314
വിധവാപെൻഷൻ	19235200	1851
വാർദ്ധക്യകാലപെൻഷൻ	25112000	2620
വികലാംഗപെൻഷൻ	4755600	447
അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ	956000	88
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	90000	3

1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2023 തീയതിയിൽ 2.19 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 33794/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) രജിസ്റ്ററുകളുടെ പരിപാലനം

A) ഡെപ്പോസിറ്റ്- കെ.എസ്.ഇ.ബി (460500202) , ഡെപ്പോസിറ്റ് കേരള വാട്ടർ അതോറിറ്റി (460500201), എന്നീ ഇനത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

B) നിർവ്വഹണഉദ്യാഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുകയിൽ 568687/- രൂപ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പരിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

C) ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യത തുകകൾ - വിശദാംശം ലഭ്യമല്ല

ഡെപ്പോസിറ്റായി ലഭ്യമായ ബാധ്യത തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു. തുകകൾ സംബന്ധിച്ച വിശദാംശം, തുക ക്രമീകരിക്കാത്തതിനുള്ള കാരണം എന്നിവ പരിശോധിച്ച്

തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകൾ സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

2) തനതു വരുമാനം

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 23 രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 18621/- രൂപ ഒടുക്കുവരുത്തിയതായി രേഖപ്പെടുത്തുകയും തുക ലഭ്യമായിട്ടില്ലാത്ത അവസ്ഥയുമാണുള്ളത്.

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37289725162) റീക്കൺസിലിയേഷൻ പത്രിക പ്രകാരം മൂന്ന് മാസം മുതൽ ഒരു വർഷത്തിലധികം വരെ കാലയളവുള്ള തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല. ഇത്തരത്തിൽ 159 വൗച്ചറുകളിൽ നിന്നായി 11931/- രൂപ ലഭിക്കുവാനുണ്ട്.

തൊഴിൽ നികുതിയായി തുക ഈടാക്കുമ്പോൾ അർദ്ധവാർഷിക പത്രികകൾ പരിശോധിച്ച് അതിനനുസരിച്ച് തുക ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-10 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	തീയതി	രസീത് നമ്പർ	കെട്ടിട നമ്പർ	തുക
1	04/01/2016	11501107089	13/ 294	228
2	16/04/2016	11601100276	17/ 236	454
3	04/05/2017	11601100759	17/ 5	1027

4	02/03/2017	11612102415	12/ 378	182
5	28/03/2017	11612103042	10/ 26	30
6	01/06/2017	117120101236	14/ 419	47
7	12/10/2017	117120103612	16/ 20	957
8	12/01/2018	117120105552	8/ 469	142
9	22/10/2018	118050100429	6/ 425A	378
10	15-02-2019	118050102829	17/ 294	186
11	19-02-2019	118050102931	3/ 303B	374
12	20-02-2019	118050103080	16/ 527	546
13	02-05-2019	119050100520	16/ 354	364
14	14/05/2019	119050100847	7/ 331A	10668
15	16-10-2019	119050103746	6/ 164	272
16	14-11-2019	119050104321	7/ 231	546
17	27-11-2019	119050104691	14/ 406	46
18	13-12-2019	119050105580	8/ 150	454
19	04-01-2020	119050106304	9/ 376A	181
20	06-01-2020	119050106375	6/ 268I	328
21	07-03-2020	119050108203	16/ 595B	180
22	16/01/2021	120050103523	15/ 384C	863
23	27/02/2021	120050106442	5/ 230	168
ആകെ തുക				18621/-

ഇത്തരത്തിൽ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മേൽ പ്രകാരമുള്ള 18621/- രൂപ ഒടുക്കുവരുത്തിയതായി രേഖപ്പെടുത്തുകയും തുക ലഭ്യമായിട്ടില്ലാത്ത അവസ്ഥയുമാണ്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-11 ഇ-പേമെന്റ് തുക നാളിതുവരേയും ബാങ്കിൽ വരവു വന്നിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37289725162) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

ക്രമ നമ്പർ	വൗച്ചർ നമ്പർ	തീയതി	തുക
1	1220000104	16-06-2022	220.00
2	1220000102	15-06-2022	120.00
3	1220000236	01-09-2022	220.00
4	1220000240	01-09-2022	5.00
5	1220000241	02-09-2022	5.00
6	1220000242	02-09-2022	5.00
7	1220000191	04-08-2022	5.00
8	1220000192	06-08-2022	120.00
9	1220000194	08-08-2022	5.00
10	1220000195	08-08-2022	5.00
11	1220000196	09-08-2022	220.00
12	1220000197	09-08-2022	5.00
13	1220000198	10-08-2022	5.00
14	1220000199	10-08-2022	120.00
15	1220000200	10-08-2022	5.00
16	1220000201	10-08-2022	5.00
17	1220000202	10-08-2022	2.00
18	1220000204	11-08-2022	120.00
19	1220000205	12-08-2022	5.00

20	1220000206	12-08-2022	5.00
21	1220000207	12-08-2022	5.00
22	1220000208	12-08-2022	5.00
23	1220000209	12-08-2022	5.00
24	1220000210	15-08-2022	220.00
25	1220000212	17-08-2022	5.00
26	1220000213	17-08-2022	15.00
27	1220000214	17-08-2022	15.00
28	1220000215	22-08-2022	5.00
29	1220000216	22-08-2022	21.00
30	1220000217	23-08-2022	5.00
31	1220000218	23-08-2022	120.00
32	1220000219	23-08-2022	5.00
33	1220000220	23-08-2022	21.00
34	1220000221	24-08-2022	21.00
35	1220000222	24-08-2022	5.00
36	1220000223	24-08-2022	55.00
37	1220000224	24-08-2022	5.00
38	1220000225	25-08-2022	120.00
39	1220000226	25-08-2022	120.00
40	1220000227	26-08-2022	220.00
41	1220000228	26-08-2022	220.00
42	1220000229	26-08-2022	220.00
43	1220000230	26-08-2022	5.00
44	1220000231	26-08-2022	120.00

45	1220000232	27-08-2022	5.00
46	1220000233	29-08-2022	220.00
47	1220000234	30-08-2022	5.00
48	1220000235	30-08-2022	120.00
49	1220000032	07-05-2022	120.00
50	1220000033	10-05-2022	120.00
51	1220000034	10-05-2022	120.00
52	1220000138	01-07-2022	120.00
53	1220000139	01-07-2022	120.00
54	1220000140	02-07-2022	5.00
55	1220000141	04-07-2022	10.00
56	1220000142	04-07-2022	5.00
57	1220000143	04-07-2022	15.00
58	1220000144	06-07-2022	21.00
59	1220000145	07-07-2022	5.00
60	1220000146	08-07-2022	5.00
61	1220000147	08-07-2022	5.00
62	1220000148	08-07-2022	5.00
63	1220000149	09-07-2022	120.00
64	1220000150	11-07-2022	10.00
65	1220000151	12-07-2022	5.00
66	1220000152	12-07-2022	21.00
67	1220000153	12-07-2022	5.00
68	1220000154	13-07-2022	220.00
69	1220000155	14-07-2022	120.00

70	1220000158	16-07-2022	5.00
71	1220000159	16-07-2022	220.00
72	1220000160	18-07-2022	120.00
73	1220000161	18-07-2022	2.00
74	1220000162	18-07-2022	105.00
75	1220000163	18-07-2022	2.00
76	1220000164	18-07-2022	21.00
77	1220000165	19-07-2022	120.00
78	1220000166	19-07-2022	5.00
79	1220000167	22-07-2022	5.00
80	1220000168	22-07-2022	10.00
81	1220000170	22-07-2022	5.00
82	1220000171	23-07-2022	5.00
83	1220000172	23-07-2022	120.00
84	1220000173	26-07-2022	5.00
85	1220000042	18-05-2022	120.00
86	1220000045	18-05-2022	120.00
87	1220000047	19-05-2022	2.00
88	1220000048	19-05-2022	800.00
89	1220000050	19-05-2022	220.00
90	1220000053	20-05-2022	120.00
91	1220000054	20-05-2022	120.00
92	1220000055	23-05-2022	220.00
93	1220000056	23-05-2022	120.00
94	1220000057	23-05-2022	120.00

95	1220000058	25-05-2022	2,000.00
96	1220000059	25-05-2022	220.00
97	1220000062	26-05-2022	2.00
98	1220000063	26-05-2022	21.00
99	1220000064	28-05-2022	105.00
100	1220000065	28-05-2022	2.00
101	1220000066	31-05-2022	120.00
102	1220000109	16-06-2022	24.00
103	1220000111	17-06-2022	2.00
104	1220000119	21-06-2022	2.00
105	1220000125	22-06-2022	120.00
106	1220000126	22-06-2022	10.00
107	1220000127	22-06-2022	120.00
108	1220000128	22-06-2022	5.00
109	1220000129	23-06-2022	5.00
110	1220000130	24-06-2022	5.00
111	1220000131	24-06-2022	220.00
112	1220000132	25-06-2022	120.00
113	1220000133	25-06-2022	120.00
114	1220000134	28-06-2022	5.00
115	1220000135	29-06-2022	5.00
116	1220000136	29-06-2022	120.00
117	1220000137	30-06-2022	5.00
118	1220000174	26-07-2022	5.00
119	1220000175	26-07-2022	21.00

120	1220000176	27-07-2022	24.00
121	1220000177	28-07-2022	5.00
122	1220000178	29-07-2022	5.00
123	1220000179	29-07-2022	5.00
124	1220000180	29-07-2022	5.00
125	1220000181	30-07-2022	5.00
126	1220000182	30-07-2022	5.00
127	1220000316	26-09-2022	5.00
128	1220000317	26-09-2022	5.00
129	1220000360	06-10-2022	15.00
130	1220000361	06-10-2022	15.00
131	1220000363	07-10-2022	15.00
132	1220000372	10-10-2022	5.00
133	1220000373	10-10-2022	15.00
134	1220000374	11-10-2022	15.00
135	1220000375	11-10-2022	15.00
136	1220000376	11-10-2022	15.00
137	1220000377	11-10-2022	15.00
138	1220000380	11-10-2022	5.00
139	1220000381	11-10-2022	15.00
140	1220000382	11-10-2022	15.00
141	1220000383	11-10-2022	15.00
142	1220000384	11-10-2022	15.00
143	1220000455	26-10-2022	5.00
144	1220000478	27-10-2022	5.00

145	1220000479	27-10-2022	5.00
146	1220000568	24-11-2022	24.00
147	1220000667	24-12-2022	5.00
148	1220000649	20-12-2022	5.00
149	1220000656	21-12-2022	120.00
150	1220000664	22-12-2022	5.00
151	1220000654	20-12-2022	5.00
152	1220000653	20-12-2022	5.00
153	1220000652	20-12-2022	120.00
154	1220000651	20-12-2022	55.00
155	1220000648	20-12-2022	5.00
156	1220000647	19-12-2022	5.00
157	1220000650	20-12-2022	5.00
158	1220000100	14-06-2022	800.00
159	1220000123	22-06-2022	120.00
ആകെ തുക			11931

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറി നമ്പർ 8/7.08.2023 ന് ഈ തുക ഐ.കെ.എം അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്നും ബശ്ക്കായിട്ടാണ് പഞ്ചായത്ത് അക്കൗണ്ടിൽ ട്രാസ്ഫർ ചെയ്യുന്നതെന്നും, തുക അക്കൗണ്ടിൽ വന്നിട്ടില്ലാത്തതിനാൽ ഐ.കെ.എം ന് പരാതി നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് .

മേൽ പ്രകാരമുള്ള തുക അക്കൗണ്ടിൽ വരവു വച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-12 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

A) 2022-23 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയും പ്രകാര
കുറവുണ്ട്.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്, സ്ഥാപനം	അദ്ധവർഷ വരുമാനം	ഈടാക്കേണ്ട നികുതി	ഈടാക്കിയ നികുതി	വ്യത്യാസം
1	ശ്യാമള, ക്ലീനിംഗ് (ന്യൂയോ കെയർ മെഡിക്കൽ സെന്ററർ)	18000	180	120	60
2	സ്റ്റെഫി വർഗീസ്, ലക്ച്ചറർ. (ലക്ഷ്മി മേഖൻ കോളേജ് ഓഫ് നഴ്സിംഗ്) ജോയിനിംഗ് - 27/06/2022	60000 (20000 X 3)	600	300	300
3	ശിവദാസൻ.പി, അസിസ്റ്റന്റ് കുക്ക് (ഗവ. പോളിടെക്നിക് കോളേജ്)	150410 (24610 X 6 + 2750)	1250	600	650
4	യുവരാജ്.എസ്, പി.ഒ (കാനറ ബാങ്ക്)	343476	1250	750	500

5	ദേവകി, പി.ടി.എസ് (പെരിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്)	107418	1000	750	250
6	രാധിക, പി.ടി.എസ് (പെരിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്)	107418	1000	750	250
7	മിനി.കെ.ജി, പി.ടി.എസ് (പെരിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്)	107418	1000	750	250
8	അനീഷ് കുമാർ.കെ, സെയിൽസ് മാൻ (പെരിയ സർവ്വീസ് കോ-	137237	1250	1000	250

	ഓപ്പറേറ്റീവ് ബാങ്ക്)				
9	അഖിൽ.കെ.സി, പി.ആർ.ഒ (സാമൂഹ്യ ആരോഗ്യ കേന്ദ്രം , പെരിയ)	110000	1000	750	250
10	ശരത്ത്.പി, ടെക്നീഷ്യൻ (സാമൂഹ്യ ആരോഗ്യ കേന്ദ്രം , പെരിയ)	110000	1000	750	250
	ആകെ		9530	6520	3010

B) 2022-23 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയും പ്രകാര കുറവുണ്ട് .

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്, സ്ഥാപനം	അദ്ധവർഷ വരുമാനം	ഈടാക്കേണ്ട നികുതി	ഈടാക്കിയ നികുതി	വ്യത്യാസം
1	ഗായത്രി.എ, അസിസ്റ്റന്റ് പ്രൊഫസർ (ലക്ഷ്മി മേഖൻ കോളേജ് ഓഫ് നഴ്സിംഗ്)	72000 (36000 X 2)	600	300	300

	ജോയിനിംഗ് - 25/01/2023				
2	സന്ധ്യ കൃഷ്ണൻ, അസിസ്റ്റന്റ് പ്രൊഫസർ (ലക്ഷ്മി മേഖൻ കോളേജ് ഓഫ് നഴ്സിംഗ്)	156000 (26000 X 6)	1250	750	500
	ആകെ		1850	1050	800

നികുതി കുറവായി ഈടാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും. കുറവു വന്ന തുകയായ 3810/- രൂപ (3010 + 800) ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.തൊഴിൽ നികുതി പത്രികകളുടെ കൃത്യത പരിശോധിച്ച് അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

C) ക്രൂക്സ് മാനേജ്മെന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ചുവടെ പറയും പ്രകാരം കാനറ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം 47042200008490) തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് സ്ഥാപന മേധാവി ലഭ്യമാക്കിയ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തീയതി	തുക
18/04/2022	68000
11/03/2023	64000

പത്രിക ലഭ്യമല്ലാത്തതിനാൽ മേൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.

D) 2022-23 സാമ്പത്തിക വർഷം കാനറബാങ്ക് പെരിയ ശാഖയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 19/ 10.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-13 ടെണ്ടർ ഫീസ് ഒടുക്കുവരുത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷം സി.എച്ച്.സി, പെരിയയ്ക്കു നൽകിയിട്ടുള്ള 16524 നമ്പർ രസീത് ബുക്ക് ഉപയോഗിച്ച് ലഭ്യമായ ചുവടെ പറയും പ്രകാരമുള്ള ടെണ്ടർ ഫീസ് പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല.

ക്രമ നമ്പർ	രസീത് നമ്പർ	തീയതി	തുക
1	1	27/01/2023	672
2	2	27/01/2023	672
3	3	27/01/2023	672
ആകെ			2016/-

മേൽ തുക നാളിതുവരേയും ഒടുക്കുവരുത്താത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 23/10.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ജി.എസ്.ടി. കോമ്പൻസേഷൻ - അധികം നൽകിയ തുക ക്രമീകരിച്ചു

കോട്ടപ്പാറ – പാടാങ്കോട് - കൊടവലം റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ (64/23) കരാറുകാരന്, അധികമായി അനുവദിച്ച ജി.എസ്.ടി. കോമ്പൻസേഷൻ (12% പകരം 18%) തുകയായ 25,445/- രൂപ, രസീത് നം. 1230901326 / 14.08.2023 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയിട്ടുണ്ട്.

1-15 വയോധികർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി(പട്ടികവർഗ്ഗം)-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.50/23

അടങ്കൽ - 64880/-രൂപ – ടി.എസ്.പി

ചെലവ് - 64880/-രൂപ

ബിൽ നം.01/2022-23/30.4.2022 – 64880/-രൂപ

2021-22 വർഷത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച ഈ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവർ ആയി 2022-23 വർഷത്തിൽ പൂർത്തീകരിക്കുകയാണ് ചെയ്തത്. പദ്ധതിക്കായി 10.2.2023 ന് ടെണ്ടർ ക്ഷണിച്ചു. 18.2.2023 ന് കെ.പി.ഫർണ്ണിച്ചർ ആലിൻതറ, നീലേശ്വരം സമർപ്പിച്ച ആഞ്ഞിലി മരം, പ്ലൈവുഡ് എന്നിവ കൊണ്ട് നിർമ്മിച്ച കട്ടിൽ ഒന്നിന് 3244/-രൂപ എന്ന ടെണ്ടർ ഭരണസമിതി തീരുമാനം നം.3(2)/തിയ്യതി-5.3.2022 പ്രകാരം അംഗീകരിച്ചു. 9.3.2023 ന് കെ.പി.ഫർണ്ണിച്ചർ ആലിൻതറ, നീലേശ്വരത്തിന് സപ്ലൈ ഓർഡർ നൽകി. 16.3.2023ന് സ്ഥാപനം 20 കട്ടിലുകൾ വിതരണം ചെയ്തു (ഇൻവോയ്സ് നം.ബി.എൻ.91/തിയ്യതി-16.3.2023 അക്കൗണ്ട് നം.09880730000000020 /എസ്.ബി.ഐ.). ഹാജരാക്കിയ അപേക്ഷകൾ പ്രകാരം കട്ടിലുകൾ ലഭിച്ചവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

1.വെങ്കടി, കാട്ടുമാടം, ഇരിയ

2.ചരുമ്പി.കെ, പടുംവയൽ ഹൗസ്, പെരിയ

3.ഉണ്ടച്ചി.എച്ച്, കമലപ്ലാവ്, കാഞ്ഞിരടുക്കം

4.കുമ്പ, ചാലിങ്കാൽ, പുല്ലൂർ

5.നാരായണി.കെ, W/Oകണ്ണൻ(L),തടത്തിൽ

6.ഭാർഗ്ഗവി, W/O ചൗക്കാറു(L), തൊടുപ്പനം

7.കമലാക്ഷി, D/O പണിക്കൻ (L), അള്ളറണ്ട

8.കാരിച്ചി, W/O മാണി, കാലിയടുക്കം

9.ചിറ്റ, W/O മുന്തൻ, കമലപ്ലാവ്

10.മാക്കം.എച്ച്, W/Oകണ്ണൻ(L), നെടുവോട്ടുപാറ

11.കല്യാണി.വി.കെ,W/Oകണ്ണൻ(L) എടമുണ്ട

12.തമ്പായി, W/O ചൗക്കാറു(L), പുക്കളം

13.കല്ലളൻ.എച്ച്, S/O കരിന്തളൻ, കമലപ്ലാവ്

14.ഉണ്ടച്ചി.എച്ച്, W/O എലുമ്പൻ(L),പെരിയങ്കാവ്

15.തുരുമ്പൻ.എച്ച്, S/O മുന്തൻ(L) അള്ളറണ്ട

16.ആർ.മാധവൻ, S/Oഎലുമ്പൻ(L), രാരപ്പനടുക്കം

17.ബീരൻ.എച്ച്, S/O ബോളൻ(L) നിടുവോട്ടുപാറ

18.മാധവി.സി, W/O നാരായണൻ, നിടുവോട്ടുപാറ

19.മുള്ളി, W/O മുളിയാറു, കരിഞ്ചാൽ, പെരിയ

20.ബീരൻ, S/O ചുക്രൻ,കുണിയ

ഈ പദ്ധതി പ്രകാരം കട്ടിലുകൾ നൽകിയ 20 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ഇതിൽ നാല് ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

1.ചരുമ്പി.കെ,പടുംവയൽ ഹൗസ്, പെരിയ (അന്തിമ ഗുണഭോക്തൃ പട്ടിക ക്രമ നം.2)

2.ബീരൻ.എച്ച്, S/O ബോളൻ, നെടുവോട്ടുപാറ (അന്തിമ ഗുണഭോക്തൃ പട്ടിക ക്രമ നം.21)

3.മാധവി.സി,W/O നാരായണൻ, നെടുവോട്ടുപാറ (അന്തിമ ഗുണഭോക്തൃ പട്ടിക ക്രമ നം.25)

4.മുള്ളി, W/O മുളിയാറു, കരിഞ്ചാൽ, പെരിയ (അന്തിമ ഗുണഭോക്തൃ പട്ടിക ക്രമ നം.28)

ഓഡിറ്റ് എൻകപയറി നം.25/11.08.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 64880/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 രോഗനിർണ്ണയത്തിന് ലാബ്-റീ-ഏജന്റ്സ് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ - സി.എച്ച്.സി പെരിയ

പ്രൊജക്ട് നം.268/23

അടങ്കൽ - 5,01,478/-രൂപ – എൻ.എച്ച്.എം ഫണ്ട്

ചെലവ് - 1,17,853/-രൂപ

വൗച്ചർ നം.22201009/31.3.2023 – 1,17,853/-രൂപ

കൃത്യമായ രോഗനിർണ്ണയത്തിനുതകുന്ന വിധം, പൂർണ്ണമായ പരിശോധന നടത്താൻ സാധിക്കുന്ന ഉപകരണങ്ങൾ, ലാബ്-റീ-ഏജന്റ്സ് എന്നിവ വാങ്ങാനുള്ളതാണ് ഈ പദ്ധതി. എന്നാൽ പദ്ധതിയുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ പദ്ധതിയിൽ പറഞ്ഞതിന് വിരുദ്ധമായി സിഡ്കോ കാസറഗോഡിൽ നിന്നും 117853/- രൂപയുടെ ഫർണ്ണിച്ചറുകളാണ് വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നം.KSGD/22-23/121/തിയ്യതി-13.2.2023/ സിഡ്കോ കേരള.)

1.Steel Revolving Computer Chair - 2 Nos

2.Steel Cabinet - 1 Nos

3.HW Arm Chair Plank Seat - 1 Nos

4.Steel Perforated Chair 3 Seater - 8 Nos

5.Steel Cabinet Glass Door - 2 Nos

6.Steel Table - 1 Nos

7.Fibre Arm Chair - 2 Nos

രോഗനിർണ്ണയത്തിന് ലാബ്-റീ-ഏജന്റ്സ് വാങ്ങൽ എന്ന പദ്ധതിക്ക് വിരുദ്ധമായി, ഫർണ്ണിച്ചർ വാങ്ങിയതിന് ഓഡിറ്റ് എൻകുയറി നം.18/09.08.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 1,17,853/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസിന് ഹൈഡ്രോളിക് സ്ട്രക്ചർ ഘടിപ്പിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.84/23

അടങ്കൽ - 44000/-രൂപ – വികസന ഫണ്ട്(ജനറൽ)

ചെലവ് - 44000/-രൂപ

ബിൽ നം.22200196/14.6.2022– 44000/-രൂപ

പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസിന് ഹൈഡ്രോളിക് സ്ട്രക്ചർ ഘടിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2021-22 വർഷം നടപ്പിലാക്കാൻ തീരുമാനിച്ച ഈ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 2022-23 വർഷം സ്പിൽ ഓവർ ആയി പൂർത്തീകരിച്ചതാണ്. 7.10.2021 ന് നം.6804/2(1)/SC-2 പ്രകാരം മെക്കാനിക്കൽ എഞ്ചിനീയർ പൊതുമരാമത്ത് വിഭാഗം കണ്ണൂരിന് ഹൈഡ്രോളിക് സ്ട്രക്ചറിന്റെ സ്പെസിഫിക്കേഷൻ, ആയത് വാങ്ങുന്നതിന് ഗവ.അംഗീകൃത വർക്ക് ഷോപ്പുകളുടെ വിവരം എന്നിവ അറിയിക്കുന്നതിന് കത്ത് നൽകി. 16.11.2021 ന് പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചു. 20.11.2021 ന് ശ്രീ വിനായക ഓട്ടോ വർക്ക്സ് കാസറഗോഡ് സമർപ്പിച്ച 48000/-രൂപയുടെ ടെണ്ടർ 23.12.2021 ലെ ഭരണസമിതി തീരുമാനം നം.4(3) പ്രകാരം അംഗീകരിച്ച് 15.1.2022 ന് സ്ഥാപനത്തിന് സപ്ലൈ

ഓർഡർ നൽകി. 18.4.2022 ന് ശ്രീ വിനായക ഓട്ടോ വർക്ക്സ പ്രവൃത്തി പൂർത്തീകരിക്കുകയും ഇൻവോയ്സ് നം.ഇല്ല/തിയ്യതി-18.4.2022 പ്രകാരം 48000/-രൂപ ആവശ്യപ്പെടുകയുമുണ്ടായി. എന്നാൽ 44000/-രൂപയാണ് ബിൽ പ്രകാരം, സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം.40471110000106/ കേരളാ ഗ്രാമീൺ ബാങ്ക്) കൈമാറിയത്.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1 ഹൈഡ്രോളിക് സ്ട്രക്ചറിന്റെ സ്പെസിഫിക്കേഷൻ, ഗവ.അംഗീകൃത വർക്ക് ഷോപ്പുകളുടെ വിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ആംബുലൻസിൽ സ്ഥാപിച്ച ഹൈഡ്രോളിക് സ്ട്രക്ചറിന്റെ ഗുണമേൻമ പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ഹൈഡ്രോളിക് സ്ട്രക്ചറിന്റെ ടെണ്ടർ വിവരങ്ങളുമായുള്ള താരതമ്യപരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

4. ബാക്കി തുക 4000/- നൽകിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻകയറി നം.26/11.08.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 44000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.

പദ്ധതി നമ്പർ, പേര്	51- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 6,50,000/-

ചെലവ് തുക	6,50,000/
ബിൽ റഫറൻസ് നമ്പർ/തീയതി	22200452013600611356/06-10-2022
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ - ഹോമിയോ

